കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് - 2018 -19 വാർഷിക പദ്ധതിയിലുൾപ്പെട്ട പരിസ്ഥിതി സൗഹൃദ ഭവനം(പ്രൊജക്റ്റ് നമ്പർ 107/ 19)  നടപ്പാക്കുന്നതിന് പ്രത്യേക അനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 435/ 2019/തസ്വഭവ — തിരുവനന്തപുരം, തീയതി, 26.02.2019

പരാമർശം :- 1. മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.11.2018-ലെ കത്ത് .

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05/02/2019-ലെ 4.7 നമ്പർ തീരുമാനം .

ഉത്തരവ്

മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് വേലിയേറ്റ - വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ ഭാരം കുറഞ്ഞതും ദീർഘകാലം ഈടു നിൽക്കുന്നതും പരിസ്ഥിതിക്ക് അനുയോജ്യവുമായ പരിസ്ഥിതി സൗഹൃദ ഭവനം എന്ന ഒരു നൂതന പ്രോജക്ട് 2018-19 വാർഷിക പദ്ധതിയിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ രൂപകൽപന കൊല്ലം TKM എഞ്ചിനീയറിംഗ് കോളേജാണ് തയ്യാറാക്കിയത്. പ്രസ്തുത പ്രോജക്ട് നടപ്പാക്കാൻ അനുമതിക്കായി മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു പ്രസ്തുത യോഗത്തിന്റെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിൽ വേലിയേറ്റ - വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ ഭാരം കുറഞ്ഞതും . ദീർഘകാലം ഈടു നിൽക്കുന്നതും പരിസ്ഥിതിക്ക് അനുയോജ്യവുമായ പരിസ്ഥിതി സൗഹൃദ ഭവനം എന്ന പ്രോജക്ട് ,ഒരു മാതൃക എന്ന നിലയിലായതിനാൽ (ഒരു ഭവനം മാത്രം) എന്ന വ്യവസ്ഥയോടെ നടപ്പാക്കാൻ മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത്, കൊല്ലം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ